**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 284** **09-10-2025 - ൽ മറുപടിയ്ക്ക്**

**ആഭ്യന്തര ഉപയോഗത്തിനാവശ്യമായ മത്സ്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ,<br>ഡോ. എം. കെ. മുനീർ ,<br>ശ്രീ. എ. കെ. എം. അഷ്റഫ്,<br>ശ്രീ. യു. എ. ലത്തീഫ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ ആഭ്യന്തര ഉപയോഗത്തിനാവശ്യമായ മത്സ്യം തദ്ദേശീയമായി ലഭിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തിന്റെ ആഭ്യന്തര ഉപയോഗത്തിനാവശ്യമായ മത്സ്യം തദ്ദേശീയമായി ലഭിക്കുന്നില്ല. സംസ്ഥാനത്ത് നിലവിൽ ദൈനംദിനം ഏകദേശം 2540.48 മെട്രിക് ടൺ മത്സ്യമാണ് ആവശ്യമായി വരുന്നത്. സംസ്ഥാനത്തിന്റെ ഇപ്പോഴുള്ള ശരാശരി മത്സ്യ ലഭ്യത 2048.72 മെട്രിക് ടൺ ആകുന്നു.<br><br>ഇതര സംസ്ഥാനങ്ങളിൽ നിന്നും ദൈനംദിനം കേരളത്തിൽ എത്തുന്ന മത്സ്യത്തിന്റെ അളവ് 491.76 മെട്രിക് ടൺ ആണ്. പ്രധാനമായും തമിഴ്നാട്, ആന്ധ്രാപ്രദേശ്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിൽ നിന്നുമാണ് മത്സ്യം കേരളത്തിലേക്കെത്തുന്നത്.<br><br>2024-25 വർഷത്തെ കടൽ, ഉൾനാടൻ മത്സ്യോത്പാദനത്തിന്റെ കണക്കുകൾ അനുബന്ധം ആയി ചേർക്കുന്നു.<br><br>2024-25 വർഷത്തെ കണക്കുകൾ പരിശോധിക്കുമ്പോൾ കടൽ മത്സ്യോത്പാദനം, ലഭിക്കാവുന്നതിന്റെ ഏകദേശം പാരമ്യതയിൽ എത്തിയിട്ടുള്ളതായി കാണാൻ കഴിയുന്നു. ഉൾനാടൻ മത്സ്യോത്പാദനത്തിലൂടെ മാത്രമേ കേരളത്തിന് മത്സ്യ ലഭ്യതയിൽ സ്വയം പര്യാപ്തത കൈവരിക്കാൻ കഴിയുകയുള്ളൂ.<br><br>നിലവിൽ ഉൾനാടൻ മത്സ്യബന്ധനത്തിലൂടെയും മത്സ്യകൃഷിയിലൂടെയുമുള്ള മത്സ്യോൽപ്പാദനത്തിൽ ഗണ്യമായ വർദ്ധനവുണ്ടായിട്ടുണ്ട്. ഉൾനാടൻ മത്സ്യോൽപ്പാദനം 2024-25 വർഷം ആകെ 2,80,187 മെട്രിക് ടൺ കൈവരിച്ചിട്ടുണ്ട്. ഇതിൽ |

മത്സ്യകൃഷിയിലൂടെയുള്ള മത്സ്യോൽപ്പാദനം 41,175 മെട്രിക് ടൺ ആണ് .

ശാസ്ത്രീയമായ മത്സ്യകൃഷി സമ്പ്രദായങ്ങളിലൂടെയും, മത്സ്യകൃഷി രീതികളിലും ഇനങ്ങളിലുമുള്ള വൈവിധ്യവൽക്കരണത്തിലൂടെയും ഉല്പാദന വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യ സമ്പത്തിന്റെ വർദ്ധനവിനും അവയുടെ സംരക്ഷണത്തിനും ഊന്നൽ നൽകി കേരള ഇൻലാൻഡ് ഫിഷറീസ് ആന്റ് അക്വാകൾച്ചർ ആക്ട് നടപ്പിലാക്കിയതിലൂടെ അനധികൃതവും അശാസ്ത്രീയവുമായ മത്സ്യബന്ധനം നിയന്ത്രിക്കാൻ  കഴിഞ്ഞിട്ടുണ്ട്. ആയത്  മത്സ്യ സമ്പത്തിന്റെ അശാസ്ത്രീയ ചൂഷണം ഒഴിവാക്കി മത്സ്യ സമ്പത്തിന്റെ വർദ്ധനവിനും സുസ്ഥിര ലഭ്യതയ്ക്കും ഇട നൽകിയിട്ടുണ്ട്. മത്സ്യ സമ്പത്തിന്റെ പരിപാലനത്തിനും സുസ്ഥിര മത്സ്യബന്ധനത്തിനുമുള്ള പ്രാധാന്യവുമായി ബന്ധപ്പെട്ട് അവബോധം സൃഷ്ടിക്കുന്നതിനായി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. ഇത്തരത്തിലുള്ള ശക്തമായ ഇടപെടലുകളുടെ ഭാഗമായാണ് 2021-22 വർഷം 2.2 ലക്ഷം മെട്രിക്ക് ടണ്ണായിരുന്ന ഉൾനാടൻ മത്സ്യോല്പാദനം 2024-25 വർഷം 2.8 ലക്ഷം മെട്രിക്ക് ടണ്ണായി ഉയർന്നത്.

മത്സ്യകൃഷി മേഖലയ്ക്ക് പുത്തൻ ഉണർവേകുന്ന തരത്തിൽ നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. മത്സ്യകൃഷിയിലൂടെ മത്സ്യോല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാന സർക്കാരിന്റെ ജനകീയ മത്സ്യകൃഷി പദ്ധതി, കേന്ദ്ര സർക്കാരിന്റെ പ്രധാന മന്ത്രി മത്സ്യ സമ്പദാ യോജന (PMMSY) പദ്ധതി എന്നിവയിലൂടെ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. പരിസ്ഥിതിക്ക് അനുയോജ്യമായ പരിപാലനമുറകൾ അവലംബിക്കുന്നതിന് പ്രാധാന്യം നൽകിയിട്ടുണ്ട്. എയറേഷൻ, ജൈവ സുരക്ഷ, പ്രോബയോട്ടിക്കുകളുടെ ഉപയോഗം എന്നിവ ഉറപ്പുവരുത്തി കൂടുതൽ ശാസ്ത്രീയമായ മാർഗങ്ങൾ അവലംബിക്കാൻ കഴിഞ്ഞതിലൂടെ ഉൽപാദനക്ഷമത 0.5 മുതൽ 3 മെട്രിക് ടൺ ആയിരുന്നത് 1.5 മുതൽ 4 മെട്രിക് ടൺ ആയി ഉയർന്നു. പാടശേഖരങ്ങളിലെ ഒരു നെല്ലും ഒരു മീനും, പൊതുകുളങ്ങളിലെ മത്സ്യകൃഷി, കൂടുകൃഷി, റീ സർക്കുലേറ്ററി യൂണിറ്റുകൾ, പടുതാകുളങ്ങൾ, ബയോ ഫ്ലോക്ക് യൂണിറ്റുകൾ, എംബാങ്ക്മെന്റ് തുടങ്ങി വിവിധ കൃഷിരീതികളിലൂടെ ഉൽപാദനം വർദ്ധിപ്പിക്കുവാൻ

സാധിച്ചിട്ടുണ്ട്. പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന പദ്ധതി നടപ്പിലാക്കുന്നതിലൂടെ മത്സ്യോല്പാദന വർദ്ധനവിന് ആക്കം കൂട്ടുവാൻ സഹായകമായിട്ടുണ്ട്. ഇത്തരത്തിൽ നൂതന ആശയങ്ങൾ കൃഷി രീതിയിൽ അവതരിപ്പിച്ചതിലൂടെയും ആധുനിക സാങ്കേതികവിദ്യ കൃഷിയിടങ്ങളിൽ അവലംബിച്ചതിലൂടെയും മത്സ്യ കൃഷിയിലൂടെയുള്ള ഉത്പാദനം 2020-21 വർഷം 34,987 മെട്രിക് ടണ്ണായിരുന്നത് 2024-25 വർഷം 41,175 മെട്രിക് ടണ്ണായി ഉയർത്തുവാൻ സാധിച്ചിട്ടുണ്ട്.

സമുദ്ര മത്സ്യബന്ധനത്തിന്റെ സുസ്ഥിര നിലനിൽപ്പ് ഉറപ്പാക്കിക്കൊണ്ട് മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിന് നിരവധി പ്രവർത്തനങ്ങൾ വകുപ്പ് നടപ്പിലാക്കുന്നുണ്ട്. കേരള തീരക്കടലിലെ അശാസ്ത്രീയ മത്സ്യബന്ധനം തടയുന്നതിനുവേണ്ടി കെ.എം.എഫ്.ആർ ആക്ട് കാലോചിതമായി പരിഷ്ക്കരിക്കുകയും 2018 സെപ്റ്റംബർ 1 മുതൽ പുതിയ കെ.എം.എഫ്.ആർ ചട്ടങ്ങൾ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ആയത് പ്രകാരം അശാസ്ത്രീയമായ മത്സ്യബന്ധനം തടയുന്നതിന് അശാസ്ത്രീയ വലകൾ, വിനാശകരമായ മത്സ്യബന്ധന രീതികൾ, ചെറുമീനുകളെ പിടിക്കുന്നത് എന്നിവയിൽ കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും മത്സ്യസമ്പത്ത് സംരക്ഷിച്ച് ഉപയോഗപ്പെടുത്തുന്നതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിന് പുതുതായി രൂപീകരിച്ചിട്ടുള്ള ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകളുടെ പ്രവർത്തനവും പ്രയോജനപ്പെടുത്തുന്നുണ്ട്. ശാസ്ത്രീയ മത്സ്യബന്ധന രീതികൾ അവലംബിക്കുന്നതിലൂടെയും ചെറുമീനുകളെ പിടിക്കുന്നതിൽ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്തതിന്റെ ഫലമായി 2017-18 ലെ സമുദ്ര മത്സ്യോല്പാദനം 4.83 ലക്ഷം മെട്രിക് ടൺ എന്നത് 2018-19 ൽ 6.09 ലക്ഷം മെട്രിക് ടണ്ണായി വർധിച്ചിരുന്നതായി കണ്ടെത്തിയിട്ടുണ്ട്. 2024-25 ൽ സമുദ്ര മത്സ്യോല്പാദനം 6.47 ലക്ഷം മെട്രിക് ടൺ ആയി വർധിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ മത്സ്യലഭ്യതയും വരുമാന വർദ്ധനവും ലക്ഷ്യമിട്ട് സമുദ്ര മത്സ്യബന്ധനത്തിന്റെ സുസ്ഥിര നിലനിൽപ്പ് ഉറപ്പാക്കിക്കൊണ്ട് തിരുവനന്തപുരം ജില്ലയിലെ തീരക്കടലിൽ കൃത്രിമപ്പാരുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. 2011-12 സാമ്പത്തിക വർഷം മുതൽ 2021-22 വരെ തിരുവനന്തപുരം ജില്ലയിലെ 16 മത്സ്യഗ്രാമങ്ങളിലായി 4190 കൃത്രിമപ്പാരുകൾ നിക്ഷേപിച്ചു കഴിഞ്ഞു. “കൃത്രിമപ്പാരുകൾ

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുന്നതിലൂടെ കേരള സംസ്ഥാനത്തിന്റെ സുസ്ഥിര മത്സ്യബന്ധന വികസനവും ഉപജീവന മാർഗ്ഗം പ്രോത്സാഹിപ്പിക്കലും" എന്ന പദ്ധതിക്ക് കേന്ദ്രസർക്കാരിന്റെ PMMSY 2022-23 പദ്ധതിയിൽ ഉൾപ്പെടുത്തി 13.02 കോടി രൂപയുടെ അംഗീകാരം ലഭ്യമാക്കുകയും പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിലെ തിരഞ്ഞെടുത്ത 33 മത്സ്യഗ്രാമങ്ങളുടെ തീരക്കടലിൽ 42 ലോക്കേഷനുകളിലായി 6300 കൃത്രിമപ്പാരുകൾ നിക്ഷേപിച്ച് പദ്ധതി നടപ്പാക്കുകയും ചെയ്തു.<br><br>പ്രസ്തുത പദ്ധതിയോടനുബന്ധിച്ച്, നാഷണൽ ഫിഷറീസ് ഡെവലപ്‌മെന്റ് ബോർഡ് (NFDB) മുഖാന്തരം നടപ്പാക്കുന്ന "സീ റാഞ്ചിംഗ്" പദ്ധതി പ്രകാരം 3 കോടി രൂപയുടെ (100% കേന്ദ്ര വിഹിതം) പദ്ധതിക്ക് അംഗീകാരം ലഭ്യമായിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ കൃത്രിമപ്പാരുകൾ നിക്ഷേപിച്ചിട്ടുള്ള തിരഞ്ഞെടുക്കപ്പെട്ട 10 ലോക്കേഷനുകളിലായി 10 ലക്ഷം പോമ്പാനോ/ കോബിയ എന്നീ ഇനങ്ങളിൽപ്പെട്ട മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനു ഫിഷറീസ് വകുപ്പ് നടപടികൾ ആരംഭിച്ചു കഴിഞ്ഞു. നിലവിൽ ആകെ 1,97,800 പോമ്പാനോ കുഞ്ഞുങ്ങളെ നിക്ഷേപിച്ചു കഴിഞ്ഞു. തീരക്കടലിൽ കൃത്രിമപ്പാരുകൾ നിക്ഷേപിക്കുന്നതിലൂടെ സൃഷ്ടിക്കപ്പെടുന്ന കൃത്രിമമായ ആവാസ വ്യവസ്ഥ വഴി ലഭിക്കുന്ന മത്സ്യങ്ങളെ കൂടാതെ പ്രസ്തുത പദ്ധതി പ്രകാരം നിക്ഷേപ്പിക്കപ്പെടുന്ന വാണിജ്യ പ്രാധാന്യമേറിയ മത്സ്യകുഞ്ഞുങ്ങൾ കൂടി ആകുമ്പോൾ മേൽ പ്രദേശങ്ങളിൽ നിന്നും ജില്ലയിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് അധികമായി മത്സ്യങ്ങൾ ലഭിക്കുകയും അതിലൂടെ അവർക്ക് കൂടുതൽ മെച്ചപ്പെട്ട രീതിയിലുള്ള വരുമാന വർദ്ധനവും സാധ്യമാകുന്നതാണ്. |
| (ബി) | പ്രസ്തുത മേഖലയിൽ പ്രവർത്തിക്കുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിൽ പങ്കാളിയാക്കാനുളള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (ബി) | പ്രസ്തുത മേഖലയിൽ പ്രവർത്തിക്കുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിൽ പങ്കാളിയാക്കാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. സുരക്ഷിതമല്ലാത്ത പരമ്പരാഗത യാനങ്ങളിൽ ആഴക്കടൽ മത്സ്യബന്ധനം നടത്തുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ഘട്ടംഘട്ടമായി സുരക്ഷിതമായ യന്ത്രവത്കൃത മത്സ്യബന്ധന രീതിയിലേയ്ക്ക് പരിവർത്തനം ചെയ്യുന്നതിനുവേണ്ടി കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന (PMMSY) 2020-21 പദ്ധതിയിൽ ഉൾപ്പെടുത്തി 1.50 കോടി രൂപ യൂണിറ്റ് വിലയുള്ള 10 ആഴക്കടൽ മത്സ്യബന്ധന |

ബോട്ടുകൾ 10 പേർ വീതം അടങ്ങുന്ന മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് നൽകുന്ന 15 കോടി രൂപയുടെ പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന പദ്ധതി പ്രകാരം ഒരു യൂണിറ്റ് ആഴക്കടൽ മത്സ്യബന്ധന ബോട്ടിന് 1.20 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. സബ്സിഡിയായി കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും കൂടി നൽകുന്നത് 48 ലക്ഷം (40%) രൂപയാണ് (കേന്ദ്ര വിഹിതം 28.8 ലക്ഷം രൂപ + സംസ്ഥാന വിഹിതം 19.2 ലക്ഷം രൂപ) ബാക്കി 72 ലക്ഷം (60%) ഗുണഭോക്തൃ വിഹിതവുമാണ്. എന്നാൽ കൊച്ചിൻ ഷിപ്പ് യാർഡ് നിർമ്മിക്കുന്ന അത്യാധുനിക സൗകര്യങ്ങളോട് കൂടിയ ഒരു ആഴക്കടൽ മത്സ്യബന്ധന യാനത്തിന്റെ വില 1.50 കോടി രൂപയാണ്. ആയതിനാൽ കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും കൂടി PMMSY പദ്ധതി പ്രകാരം നൽകുന്ന 48 ലക്ഷം രൂപ കിഴിച്ച് ബാക്കിയുള്ള 1.02 കോടി രൂപ ഗുണഭോക്തൃ വിഹിതമാണ്. ഇത് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സ്വന്തം നിലയിൽ കണ്ടെത്താൻ സാധിക്കില്ല എന്ന് മനസിലാക്കിയതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്തൃ വിഹിതത്തിന്റെ 30% (30.6 ലക്ഷം രൂപ) സംസ്ഥാന സർക്കാർ അധിക ഗ്രാന്റ് ആയി അനുവദിക്കുന്നതിനും ബാക്കി 70% (71.4 ലക്ഷം രൂപ) കേരള ഫിനാൻഷ്യൽ കോർപറേഷനിൽ നിന്നും Chief Minister's Entrepreneurship Development Programme (CMEDP) ലോൺ മുഖേന ലഭ്യമാക്കുന്നതിനും സർക്കാർ തലത്തിൽ ഉത്തരവാകുകയും അധിക ഗ്രാന്റ് ആയി 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾക്ക് ആകെ 306 ലക്ഷം രൂപ സംസ്ഥാന സർക്കാർ അനുവദിക്കുകയും ചെയ്തു.

ഇപ്രകാരം കൊച്ചിൻ ഷിപ്പ് യാർഡിന്റെ Malpe കപ്പൽ നിർമ്മാണ ശാലയിൽ നിർമ്മാണം പൂർത്തിയാക്കിയ 6 ബോട്ടുകൾ രജിസ്ട്രേഷൻ, ഇൻഷുറൻസ് നടപടികൾ പൂർത്തിയാക്കി തിരഞ്ഞെടുക്കപ്പെട്ട മത്സ്യത്തൊഴിലാളി ക്ഷേമ സഹകരണ സംഘങ്ങൾക്ക് വിതരണം ചെയ്തു, മത്സ്യബന്ധനം നടത്തി വരുന്നു. ബാക്കിയുള്ള 4 യൂണിറ്റുകൾ കൂടി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

| | | | |
|---|---|---|---|
| | | | കൂടാതെ PMMSY (2023-24) പദ്ധതിയിൽ ഉൾപ്പെടുത്തി 1.20 കോടി രൂപ യൂണിറ്റ് വിലയുള്ള 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ വ്യക്തിഗത മത്സ്യത്തൊഴിലാളികൾക്ക്/മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് നൽകുന്ന 12 കോടി രൂപയുടെ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പദ്ധതി പ്രകാരം സബ്സിഡിയായി കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും കൂടി നൽകുന്നത് യൂണിറ്റ് തുകയുടെ 40% ആയ 48 ലക്ഷം രൂപയാണ് (കേന്ദ്ര വിഹിതം 28.8 ലക്ഷം രൂപ + സംസ്ഥാന വിഹിതം 19.2 ലക്ഷം രൂപ) ബാക്കി 72 ലക്ഷം രൂപ ഗുണഭോക്തൃ വിഹിതമാണ്. പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾക്ക് ഫിഷറീസ് വകുപ്പിന്റെ കീഴിൽ എംപാനൽ ചെയ്തിട്ടുള്ള യാന നിർമ്മാണ ശാലകളിൽ സ്വന്തം നിലക്ക് യാനങ്ങൾ നിർമ്മിക്കാവുന്നതാണ്. ആയതിലേക്ക് PMMSY മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ യാന നിർമ്മാണ ശാലകളിൽ നിന്നും Expression of Interest ക്ഷണിക്കുകയും അപ്രകാരം യോഗ്യതയുള്ള രണ്ടു യാന നിർമ്മാണ ശാലകൾ ഫിഷറീസ് വകുപ്പിന്റെ കീഴിൽ എംപാനൽ ചെയ്ത് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ജില്ലകളിൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് പൂർത്തീകരിക്കുകയും, ഗുണഭോക്താക്കൾ തിരഞ്ഞെടുക്കുന്ന എംപാനൽ ചെയ്ത യാന നിർമ്മാണ ശാലയുമായി കരാറിൽ ഏർപ്പെട്ടു യാന നിർമ്മാണം ആരംഭിക്കുന്നതിലേക്കുള്ള തുടർ നടപടികൾ വകുപ്പ് സ്വീകരിച്ചു വരുന്നു.<br><br>മത്സ്യബന്ധന യാനങ്ങളെ ആധുനിക വത്കരിക്കുന്നതിലേക്കായി 2023-24 സാമ്പത്തിക വർഷം 10 കോടി രൂപ സർക്കാർ ബഡ്ജറ്റിൽ വകയിരുത്തുകയുണ്ടായി. പരമ്പരാഗത മത്സ്യത്തൊഴിലാളികളിൽ ആഴക്കടൽ മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുന്നതിലേക്കും അതുവഴി ആഴക്കടലിൽ നിന്നുള്ള വിഭവങ്ങൾ കൂടി പരമ്പരാഗത മേഖലയ്ക്ക് പ്രയോജനപ്പെടുത്തുന്നതിലേക്കുമായി 75 ശതമാനം സബ്സിഡിയോടു കൂടി 114 പരമ്പരാഗത മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് ആഴക്കടൽ മത്സ്യബന്ധനത്തിന് അനുയോജ്യമായ വിവിധതരം ചൂണ്ടകളും നൂലും നൽകുന്ന പദ്ധതി നടപ്പിലാക്കി. |
| (സി) | മീൻപിടുത്തവും സംസ്കരണവും വിപണനവും ആദായകരമാക്കാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ? | (സി) | കേരള നിയമസഭ പാസ്സാക്കിയ "കേരള മത്സ്യ സംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും ആക്ട് 2021", മത്സ്യ സംഭരണവും വിപണനവും ലേലവും നിയന്ത്രിക്കുന്നതിനും |

| | | | | |
|---|---|---|---|---|
| | | | | വ്യവസ്ഥാപിതവും ശുചിത്വപൂർണ്ണവും കാര്യക്ഷമവുമായ ലേലവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനും ഗുണനിലവാരം പരിപാലിക്കുന്നതിനും ഉദ്ദേശിച്ചിട്ടുള്ളതാണ്.  പ്രസ്തുത ആക്ടിലെ 4-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്നത് പ്രകാരം വിജ്ഞാപനം വഴി നോട്ടിഫൈ ചെയ്തിട്ടുള്ള ലാന്റിംഗ് സെന്റർ, മാർക്കറ്റ്, ഹാർബർ എന്നിവിടങ്ങളിൽ കൂടിയല്ലാതെ മത്സ്യലേലം നടത്തുവാൻ പാടുള്ളതല്ല. എന്നാൽ ലേലത്തിലൂടെയല്ലാതെ മത്സ്യത്തൊഴിലാളികൾക്ക് നേരിട്ട് മത്സ്യവിപണനം നടത്തുന്നതിന് തടസ്സമില്ല. അതിനാൽ തന്നെ പ്രസ്തുത നിയമം നടപ്പിലാക്കുന്നതിലൂടെ ലേലത്തിലെ തെറ്റായ പ്രവണതകൾ നിയന്ത്രിക്കുന്നതിനോടൊപ്പം മത്സ്യത്തൊഴിലാളികളുടെ അവകാശ സംരക്ഷണം ഉറപ്പുവരുത്തുന്നതിനും സാധ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

**<u>2024-25 വർഷത്തെ കടൽ, ഉൾനാടൻ മത്സ്യോത്പാദനത്തിന്റെ കണക്ക്</u>**

| വർഷം | ഉത്പാദനം (മെട്രിക്ക് ടണ്ണിൽ) | | ആകെ (മെട്രിക്ക് ടണ്ണിൽ) |
|---|---|---|---|
| | കടൽ | ഉൾനാടൻ | |
| 2024-25 | 6,47,253 | 2,80,187 | 9,27,440 |